എ1 - 4270/95

ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ്,
സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 20
തീയതി. 24..4..1996.

## സർക്കുലർ നം.പർ . 1/96

വിഷയം:- വിവിധ ഇനം തടി, കഴ മറ്റു വന ഉൽപ്പന്നങ്ങൾ എന്നിവ പൊതു ലേലം നടത്തുന്നതും സ്ഥിരീകരണത്തിന് അയക്കുന്നതും സംബന്ധിച്ച്.

സൂചന:-

ഈ സർക്കിളിലെ വിവിധ ഡിവിഷനുകളിൽ നടക്കുന്ന ലേലങ്ങളുടെ സ്ഥിരീകരണത്തിനായി ഇവിടേക്ക് അയക്കുന്ന രേഖകൾ അപൂർണവും അവ്യക്തവും ആണ് എന്ന് സൂക്ഷ്മ പരിശോധനയിൽ കാണുന്നുണ്ട്. കവറിംഗ് ലറ്ററിൽ ആവശ്യം വേണ്ടതായ വിവരങ്ങൾ പലപ്പോഴും രേഖപ്പെടുത്തികാണാറില്ല. പരസ്യത്തിന്റെ കാര്യത്തിലും, പരസ്യ തീയതിയും ലേല തീയതിയും തമ്മിൽ ഉണ്ടാകേണ്ട ഇടവേള ഇല്ലാതെ ലേലം നടത്തുന്നതിലും കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്.

13-9-1976 -ലെ സർക്കാർ ഉത്തരവ് 311/76-ൽ ഗസറ്റിലെ പരസ്യതീയതിയും ലേലവും തമ്മിൽ 7 ദിവസത്തെ ഇടവേളയും പത്രത്തിലെ പരസ്യതീയതിയും ലേലവും തമ്മിൽ 5 ദിവസത്തെ ഇടവേളയും വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചില ഡിവിഷനുകളിൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ ലേലം നടത്തുകയും ലേലക്കടലാസുകൾ സ്ഥിരീകരണത്തിനായി അയക്കുന്നതായും കാണുന്നു. മേൽ പറഞ്ഞവിധം ദിവസ വ്യത്യാസം ഇല്ലാതെ ലേലം നടത്തുകയോ ലേലങ്ങളുടെ രേഖകൾ സ്ഥിരീകരണത്തിനായി ഇവിടേക്ക് അയക്കുകയോ ചെയ്യരുത്. അഥവാ നടത്തുകയാണെങ്കിൽ അതിനുണ്ടായ സാഹചര്യം കവറിംഗ് ലറ്ററിൽ പ്രത്യകം വിശദീകരിക്കേണ്ടതാണ്.

(2) സർക്കാർ ഉത്തരവ് 17/91 തീയതി 18-12-1991 പ്രകാരം ഉള്ള പത്ര പരസ്യങ്ങൾ ഇല്ലാതെയും ലേലം നടത്തുകയും അവ സ്ഥിരീകരണത്തിന് അയക്കുന്നതായും കാണുന്നു. ഒരു പത്രത്തിൽ പരസ്യം വന്നില്ലെങ്കിലും □'കൺഡോൺ'□ ചെയ്യാൻ അധികാരം ഉണ്ടെന്നിരിക്കലും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമേ കൺഡോൺ ചെയ്യാൻ അപേക്ഷിക്കാവൂ എന്നുകൂടി ഇതിനാൽ അറിയിക്കുന്നു.

(3) ലേലത്തിനായി പ്രസിദ്ധപ്പെടുത്തുന്ന വഹകളും യഥാർത്ഥത്തിൽ ലേലം ചെയ്യുന്ന വഹകളുടെ അളവ്, ഇനം എന്നിവയിലും സാരമായ വ്യത്യാസങ്ങൾ കണ്ടുവരുന്നുണ്ട്. നിർബന്ധമായും ഇത്തരം കാര്യങ്ങൾ കൃത്യമായും, സൂക്ഷ്മമായും പ്രസിദ്ധീകരണത്തിനായി സമർപ്പിക്കേണ്ടതാണ്.